സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ നടപടി

86 (6537) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയായിരുന്നു ;

(ബി) സഹകരണ മേഖലയിലെ 31-3-2014-ലെ ആകെ നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ ;

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 68409.15 കോടി രൂപയായിരുന്നു.

(ബി) സഹകരണ മേഖലയിലെ 31-3-2014-ലെ ആകെ നിക്ഷേപം 1,11,978.59 കോടി രൂപയാണ്.

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്തുന്നതിനായി 'നിക്ഷേപ ഗ്യാരന്റി സ്കീം' ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിക്ഷേപസമാഹരണ യജ്ഞം എല്ലാവർഷവും നടത്തിവരുന്നു.

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. നിലവിൽ റിസർവ്വ് ബാങ്ക് ചില അർബൻ സഹകരണ ബാങ്കുകൾക്കുമാത്രമാണ് എൻ.ആർ.ഐ. നിക്ഷേപം ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്.

സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങൾ

87 (6538) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വായ്പാ സംഘങ്ങളിൽ സഹകരണ റിസ്ക് ഫണ്ട് ആരംഭിച്ചത് എപ്പോഴാണെന്നും ഇതുവരെ എത്ര വായ്പാസംഘങ്ങൾ ഈ സ്കീമിൽ അംഗങ്ങളായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ റിസ്ക് ഫണ്ടിലേക്ക് വായ്പക്കാരൻ അടയ്ക്കേണ്ട പ്രീമിയം തുകയുടെ നിരക്ക് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സ്കീമിൽ അംഗമാകുന്നതിന് വായ്പക്കാരന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സഹകരണ റിസ്ക് ഫണ്ടിൽ അംഗങ്ങളാകാത്ത എത്ര വായ്പാ സംഘങ്ങളുണ്ട് എന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സഹകരണ വായ്പാ സംഘങ്ങളിൽ 'സഹകരണ റിസ്ക് ഫണ്ട്' ആരംഭിച്ചത് 18-11-2008-ലെ സർക്കാർ ഉത്തരവുപ്രകാരമാണ്. 1-4-2008 മുതൽ പ്രാബല്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നാളിതുവരെ 3192 സഹകരണ സംഘങ്ങൾ സ്കീമിൽ അംഗമായിട്ടുണ്ട്.

(ബി) വായ്പാ സഹകരണ സംഘങ്ങളിൽനിന്നും വായ്പ നൽകുമ്പോൾ വായ്പത്തുകയുടെ 0.25 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 50 രൂപയും പരമാവധി 375 രൂപയും വായ്പക്കാരൻ വായ്പത്തുക കൈപ്പറ്റുമ്പോൾ സഹകരണ സംഘത്തിൽ റിസ്ക് ഫണ്ട് പ്രീമിയമായി (ഒറ്റത്തവണ പ്രീമിയം) അടയ്ക്കേണ്ടതാണ്.

(സി) 70 വയസ്സ് തികയുന്നതിനുമുമ്പ് വായ്പാ കാലാവധി തീരുന്ന വായ്പക്കാരെയാണ് സ്കീമിൽ അംഗമായി ചേർക്കാൻ വ്യവസ്ഥയുള്ളത്.

(ഡി) സഹകരണ റിസ്ക് ഫണ്ടിൽ അംഗമാകാത്ത 399 വായ്പാ സഹകരണ സംഘങ്ങളുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വായ്പാ കുടിശ്ശികയ്ക്ക് മൊറട്ടോറിയം

88 (6539) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിവേദനങ്ങളിൽ ഏതെല്ലാം തരത്തിലുള്ള വായ്പകളുടെ തിരിച്ചടവിനാണ് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) എത്ര കാലാവധിക്ക് മുമ്പുള്ള കുടിശ്ശിക നിലനിൽക്കുക എന്നതിനെയാണ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് ഭരണ സമിതിയിലെ അംഗത്വം നഷ്ടപ്പെടുന്നത് ;

(സി) കടങ്ങൾക്കുമാത്രമാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതെങ്കിൽ കാർഷിക വായ്പ കുറഞ്ഞ ശതമാനം മാത്രമുള്ള ബാങ്കുകൾക്ക് എന്ത് അടിസ്ഥാനത്തിലാണ് എക്സംപ്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly